## UNSTARRED QUESTION AND ANSWER

### ബസ്സ് സ്റ്റാപ്പുകൾ

77. [6] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറ് സ്റ്റേറ്റ് ട്രാൻസ്പോർട്ട് ബസ്സുകൾ ഓടുന്ന റോഡുകളിൽ ബസ്സ് സ്റ്റാപ്പുകൾ നിശ്ചയിച്ചിരിക്കുന്നത് എന്തടിസ്ഥാനത്തിലാണ് ;

(ബി) ഏതെങ്കിലും റോഡു പരിചയമില്ലാത്ത ഒരു യാത്രക്കാരൻ ഏതെങ്കിലും ഒരു ബസ്സ് സ്റ്റാപ്പിൽ എത്തണമെങ്കിൽ റോഡിൽ അറിയത്തക്കവണ്ണം ബോർഡു വച്ചിട്ടുണ്ടോ ;

(സി) കൊട്ടാരക്കരനിന്നും പന്തളത്തുവരെയുള്ള റോഡിൽ ഓരോ ബസ്സ് സ്റ്റാപ്പുകളിലും ബോർഡു വച്ചിട്ടുണ്ടോ ? ഇല്ലെങ്കിൽ എന്തുകൊണ്ട് ?

(ഡി) കുളക്കട ഹൈസ്കൂൾ ഗേറ്റിനു സമീപം എവിടെയാണ് ബസ്സ് സ്റ്റാപ്പ് ?

### ഉത്തരം

(എ) യാത്രക്കാരുടെ സൌകര്യവും സ്ഥലത്തിൻെറ പ്രാധാന്യവും ഫെയർ സ്റ്റേജിൻെറ സ്ഥാനവും മറ്റും അടിസ്ഥാനമാക്കിയാണ് ബസ്സ് സ്റ്റാപ്പുകൾ നിശ്ചയിച്ചിരിക്കുന്നത്.

(ബി) എല്ലാ സ്ഥലങ്ങളിലും ബോർഡു വച്ചിട്ടില്ല.

(സി) ഇല്ലാ. ഓരോ ബസ്സ് സ്റ്റാപ്പുകളിലും ബോർഡുകൾ വയ്ക്കുന്നതു ആവശ്യമാണെന്നു തോന്നുന്നില്ല.

(ഡി) കുളക്കട ഹൈസ്കൂൾ ഗേറ്റിൻെറ തെക്കുഭാഗത്തായിട്ടാണു ബസ്സ് സ്റ്റാപ്പ്.

9 A. M.]

**Mr. Speaker** : Order, order. Question hour is over.

## CALLING ATTENTION UNDER RULE 61.

### (i) Notice served on the Malaria Surveillance Workers for the termination of their service

**Mr. Speaker** : I have received notice under Rule 61 from Shri E. P. Gopalan. I call upon the honourable Member to make a statement.

ശ്രീ. ഈ. പി. ഗോപാലൻ : സർ, നാഷണൽ മലേറിയ ഇറാഡിക്കേഷൻ പ്രോഗ്രാമിൻെറ കീഴിൽ പ്രവർത്തിച്ചുവരുന്ന മലേറിയ സർവൈലൻസ് വർക്കേഴ്സിനെ ഈ മാർച്ച് 31-ാം തീയതി, പിരിച്ചുവിടുന്നതാണെന്നു നോട്ടീസ് സപ്ലൈ ചെയ്തുകഴിഞ്ഞിരിക്കുകയാണ്. മുന്നൂറ്റമ്പതു കൊല്ലം സപ്ലീസുള്ളവരാണ് ഇവരിൽ അധികം പേരും. ഇവരുടെ പരീക്ഷായോഗ്യത എസ്സ്. എസ്സ്. എൽ. സി.യും അതിനു മുകളിലും ഉള്ളതാണ്. എന്നാൽ മലബാർ പ്രദേശത്തു 200-ൽ താഴെ വരുന്ന എസ്സ്. എസ്സ്. എൽ. സി. തോറ്റവരേയും ഇതിലേക്കു റിക്രൂട്ട് ചെയ്തിട്ടുണ്ട്. ഇങ്ങനെ പിരിച്ചുവിടാൻ നോട്ടീസു കിട്ടിയിരിക്കുന്നവരുടെ സംഖ്യ 1694 ആണ്. ഇവർ ഈ ജോലിയിൽ പ്രവർത്തിച്ചിരുന്ന കാലത്തു മറ്റു ജോലികൾക്കു അപേക്ഷിക്കുന്നതിനു ഇവരുടെ ഡിപ്പാർട്ടുമെൻറ് തടസ്സമായി നിന്നിരുന്നു. നാഷണൽ മലേറിയ

LIBRARY ARCHIVES Kerala Legislative Assembly

ഇറാഡിക്കേഷൻ പ്രവർത്തനം ഭാഗികമായി നടത്തിക്കൊണ്ടുവരുന്നതി നിടയിൽ മറ്റു ജോലികൾക്കു പോകാൻ പാടില്ല എന്നു് അധികൃതന്മാർ കൽപ്പിക്കുന്നതിൽ അസാംഗത്യമൊന്നുമില്ല. എന്നാൽ മലേറിയ ഇറാഡി ക്കേഷൻ പ്രവർത്തനം കഴിഞ്ഞു എന്നുള്ളതുകൊണ്ടു് മുന്നാലു കൊല്ലം ഈ മണ്ഡലത്തിൽ നന്നായി പ്രവർത്തിച്ചിട്ടുള്ളവരെ ഒരു സുപ്രഭാതത്തിൽ പിരിച്ചു യയ്ക്കുന്നതു ശരിയല്ല. മറ്റു ജോലികൾക്കു അപേക്ഷിക്കേണ്ട പ്രായപരിധി കഴിഞ്ഞവരും ഇതിൽ ഉണ്ടു്. മറ്റു രംഗങ്ങളിൽ തക്കസമയത്തു അപേക്ഷിച്ചി രുന്നുവെങ്കിൽ ജോലി കിട്ടുമായിരുന്നവരും ഈ കൂട്ടത്തിൽ ഉണ്ടു്. ഈ വസ്തുത കളെ പരിഗണിച്ചു ഇവരെ അങ്ങനെ പിരിച്ചുവിടുവാൻ പാടില്ല എന്നുള്ളതിനു ഗവണ്മെൻറു് എടുക്കണം. അതിനുള്ള ധാർമ്മികമായ ബാദ്ധ്യത ഗവണ്മെൻറി നുണ്ടു്. രണ്ടാമതു ഇതുപോലുള്ള പല സാമൂഹ്യരംഗങ്ങളിലും ഇപ്പോൾ ഗവ ണ്മെൻറു പ്രവർത്തിക്കുന്നുണ്ടു്. പുതുതായി പ്രവർത്തിക്കുവാൻ പോകുന്നുണ്ടെന്നു മാണു് അറിവു്. അപ്പോൾ അങ്ങനെയുള്ള രംഗങ്ങളിൽ പുതുതായി ആളുകളെ നിയമിക്കേണ്ടിവരും. ഈ വസ്തുത പരിഗണിച്ചു പുതുതായി റിക്രൂട്ടു ചെയ്തു നിയമിക്കേണ്ടിവരുന്ന സന്ദർഭങ്ങളിൽ ആ രംഗങ്ങളിലേക്കു് ഇവരെ നിയമി ക്കുന്നതിനു യാതൊരു വിഷമവും ഇല്ല. ഉദാഹരണമായി ഗവണ്മെൻറിന്റെ ആലോചനയിൽ ഉള്ളതായ ടി. ബി. ഇറാഡിക്കേഷൻ പ്രോഗ്രാം, സ്മാൾപോക്സു് ഇറാഡിക്കേഷൻ പ്രോഗ്രാം, മൈലേറിയ ഇറാഡിക്കേഷൻ പ്രോഗ്രാം, ഫാമിലി പ്ലാനിംഗ്, ലെപ്രസി ഹെൽത്തുവിസിറ്റിംഗ് മുതലായ രംഗങ്ങളിൽ ഇവരെ നിയമിക്കാവുന്നതാണു്. മെഡിക്കൽ ഡിപ്പാർട്ടുമെൻറിന്റെ കീഴിലുള്ള മറ്റു മണ്ഡലങ്ങളിലും ഇവരെ നിയമിക്കാവുന്നതാണു്. ഉദാഹരണമായി കംപൗണ്ടേഴ്സു് ട്രെയിനിംഗു്, ഹെൽത്തു് ഇൻസ്പെക്ടേഴ്സു് ട്രെയിനിംഗു് മുതലായവയ്ക്കു സെലക്ടു ചെയ്യുന്നതിനു അർഹപ്പെട്ട ആളുകളും ഈ മലേറിയ സർവൈലൻസു് വർക്കേഴ്സിനിടയിലുണ്ടു്. മറ്റു ഡിപ്പാർട്ടുമെൻറുകളിലെ കാര്യവും ഗവണ്മെൻറു പരിഗണിക്കേണ്ടതാണു്. അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫീൽഡ്മെൻമാരായും ഗ്രാമസേവകന്മാരായും ഇവരെ തെരഞ്ഞെടുക്കാവുന്നതാണു്. ഇതൊക്കെ ചെയ്യാനുള്ള സന്ദർഭം ഇതാണു്. മാർച്ചു് അവസാനം ആയിക്കഴിഞ്ഞാൽ ഏപ്രിൽ ഒന്നാം തീയതി ഇറങ്ങിപോകുക എന്നുള്ളതല്ലാതെ യാതൊരു മാർഗ്ഗവും ഇല്ല. ഇറങ്ങിപ്പോയിക്കഴിഞ്ഞാൽ ഇവർക്കു യാതൊരു രക്ഷയുമില്ല. ഇവരെ നിരാധാരരായി ഉഴലാൻ വിടുന്നതു് കഷ്ടമാണു്. ഈ സന്ദർഭത്തിൽ ഗവണ്മെൻറു് ആയിരത്തിഅറുനൂറോളം ചിലപ്പോൾ ആളുകളുടെ കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ മെഡിക്കൽ ഡിപ്പാർട്ടുമെൻറിന്റെയും മറ്റും കീഴിലുള്ള ജോലികളിൽ അബ്സോർബു് ചെയ്യുന്നതിനുള്ള നടപടി സത്വരമായി സ്വീകരിക്കണമെന്നാണു് ഈ സന്ദർഭത്തിൽ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ളതു്. അതുപോലെതന്നെ നാഷണൽ മലേറിയ ഇറാഡിക്കേഷൻ സ്കീമിൽപ്പെട്ട മറ്റൊരു വിഭാഗംകൂടി ഉണ്ടു്. സൂപ്രവൈസേഴ്സു് എന്നാണു് അവരെ പറയുക. ഏകദേശം അഞ്ഞൂറു പേരോളം ഈ തസ്തികയിൽ ഉണ്ടു്. പി. എസ്സു്. സി. അഡ്വൈസു് ചെയ്ത പ്രകാരം നിയമിക്കപ്പെട്ടവരാണു് ഇവർ. നാഷണൽ ഇറാഡിക്കേഷൻ പ്രോഗ്രാം അവസാനിക്കുമ്പോൾ ഇവരുടെ നില എന്താവുമെന്നു് വ്യക്തമാക്കിയിട്ടില്ല. ഇവരും ഞാൻ മുമ്പു പറഞ്ഞിട്ടുള്ളവരും തമ്മിൽ ഒരു വ്യത്യാസം മാത്രമേയുള്ളു. ഇവർ പിരിഞ്ഞുപോകണമെന്നു കാണിച്ചു ഇതേവരെ നോട്ടീസു് നൽകിയിട്ടില്ല. അതുകൊണ്ടുമാത്രമായില്ല. ഇവരേയും മറ്റു ഡിപ്പാർട്ടുമെൻറിൽ നിയമിക്കേണ്ട ചുമതല ഗവണ്മെൻറിനുണ്ടു്. ആയിരത്തിഅറുനൂറിൽ ചിലപ്പോൾ പേർ പി. എസ്സു്. സി. സെലക്റ്റു ചെയ്തതല്ല, എംപ്ലോയ്മെൻറു് എക്സ്ചേഞ്ചു് മുഖാന്തിരം വന്നവരാണു് എന്ന പതിതപാവനം കൽപ്പിച്ചുകൊണ്ടു് ഇവരെ വിട്ടുകളയുന്നതു ശരിയല്ല. വല്ലപ്പോഴും ഇവരെ സംരക്ഷിക്കേണ്ട ബാദ്ധ്യത ഗവണ്മെൻറിനുണ്ടു്. അവർ നന്നായി വേല ചെയ്യുന്നവരും ഇനിയും ചെയ്യാൻ കഴിവുള്ളവരുമാണു്. ഇവർക്കു അർഹതപ്പെട്ട ജോലി കൊടുക്കേണ്ട കാര്യം ഗവണ്മെൻറു പരിഗണിക്കണം, മാർച്ചു അവസാനിക്കുന്നതിനുമുമ്പു് ഈ കാര്യത്തിൽ ഒരു തീരുമാനം എടുക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

**Shri M. P. Govindan Nair :** Sir, I will reply tomorrow.

**(ii) Revenue Recovery Proceedings resorted to by the Collector, Palghat.**

**Mr. Speaker:** I have received anothe notice from Shri M. V. Vasu calling the attention of the Minister for Law and Revenue to the situation caused due to the Revenue Recovery Proceedings resorted to by the Collector, Palghat for collecting land tax. I will refer the matter to the Minister for necessary action.

**(iii) Serious situation caused by the strike of the workers in the Modern Wood Crafts, Dharmadom.**

**Mr. Speaker :** A reply is due from the honourable Minister for Transport and Labour to an earlier Rule 61 notice given by Shri K. Chandrasekharn. I call upon the honourable Minister to give the reply.

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

സർ, ഇന്നലെ ധർമ്മടം മോഡേൺ വുഡ് ക്രാഫ്റ്റ് ഫാക്ടറിയിലുണ്ടായ സ്ട്രൈക്കിനെപ്പറ്റി ശ്രീ. ചന്ദ്രശേഖരൻ ഇവിടെ പറയുകയുണ്ടായി. ഫർണിച്ചർ ഉണ്ടാക്കുന്ന ഒരു ഫാക്ടറിയാണ് ഇത്. 90 തൊഴിലാളികൾ ഇവിടെ ജോലി ചെയ്യുന്നുണ്ട്. അവർ കഴിഞ്ഞ ജനുവരി 30-ാം തീയതി യാതൊരു നോട്ടീസും കൂടാതെതന്നെ 'സ്റ്റേ ഇൻ സ്ട്രൈക്ക്' ആരംഭിച്ചു. ഇതിനുമുമ്പേതന്നെ അവർ വച്ചിട്ടുള്ള ചില ഡിമാൻഡുകളെ സംബന്ധിച്ച് അവിടത്തെ ലോക്കൽ ലേബർ ആഫീസറുടെ തീരുമാനത്തിന്മേൽ ചർച്ചകൾ തുടർന്നുവരികയായിരുന്നു. ഇതിനിടയിലാണ് ഒരു സ്റ്റേ ഇൻ സ്ട്രൈക്ക് ആരംഭിച്ചത്. അതിന്റെ പിറ്റെദിവസം വീണ്ടും യാതൊരു നോട്ടീസും കൂടാതെതന്നെ സ്ട്രൈക്ക് തുടങ്ങി. ഉടൻതന്നെ ഡിസ്ട്രിക്റ്റ് ലേബർ ആഫീസർ പല തവണയും അവരുടെ പ്രധാനഡിമാൻഡുകളായശമ്പളക്കൂട്ടൽ ഡിയർനസ് അലവൻസ് വർദ്ധിപ്പിക്കൽ, ബോണസ് വർദ്ധിപ്പിക്കൽ തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച ഫാക്ടറി ഉടമയുമായി ചർച്ച ചെയ്തു. എന്നാൽ ഫാക്ടറി ഉടമ അറിയിച്ചിട്ടുള്ളത് ഫാക്ടറിയുടെ ഇന്നത്തെ കഴിവിനു് ഇതിൽ കൂടുതൽ നൽകുവാൻ സാദ്ധ്യമല്ലെന്നും അങ്ങനെ നൽകിയാൽ അവിടെനിന്നും ഉണ്ടാക്കുന്ന സാധനങ്ങൾക്ക് കൂടുതൽ വിലയിട്ട് വിൽക്കേണ്ടിവരുമെന്നും അപ്പോൾ സാധനങ്ങൾ വിറ്റഴിയാതെ കെട്ടിക്കിടക്കേണ്ട പരിതഃസ്ഥിതി ഉണ്ടാകുമെന്നും ആണ്. അതുകൊണ്ട് അതിനു നിർബന്ധിക്കാൻ പാടില്ല എന്ന മനോഭാവമാണ് ഫാക്ടറി ഉടമയിൽനിന്നും ഉണ്ടായത്. കാര്യം ഇപ്പോൾ അഡ്ജൂഡിക്കേഷനു വിട്ടിരിക്കുകയാണ് കഴിഞ്ഞ മാസം 24-ാം തീയതി ഇതു റഫർ ചെയ്തു. ഇതിനിടയിൽ രണ്ടുപേരെ ജോലിയിൽ നിന്നും സസ്പെൻറു ചെയ്യുകയും ഡിസ്മിസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. സ്റ്റാൻഡിംഗ് ഓർഡർ അനുസരിച്ച് അന്വേഷണം നടത്തി രണ്ടും ക്യാൻസൽ ചെയ്തിരിക്കുകയാണ്. രണ്ടുപേർക്കും സസ്പെൻഡു ചെയ്ത കാലത്തു ശമ്പളം കൊടുക്കണമെന്നൊരു ഡിമാൻഡ് ഉണ്ടായി. ഡെപ്യൂട്ടി ലേബർ കമ്മീഷണറുമായി ഈ കാര്യത്തിൽ വിഷമം ഉണ്ടാകാതിരിക്കുവാൻ ഇപ്പോഴും ആലോചനകൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇതിനിടയിൽ ഫാക്ടറി ജനറൽ മാനേജരുടെ വീട്ടിൽ ചെന്നു സത്യഗ്രഹം അനുഷ്ഠിക്കുവാൻ തുടങ്ങി അവിടെനിന്നും നാലു ഫർലോംഗ് ദൂരമേയുള്ളൂ; അദ്ദേഹത്തിന്റെ വീട്ടിലേക്ക്. കുടുംബസഹിതം താമസിക്കുകയാണ്, അവർക്കു വെളിയിലേക്കുംമറ്റും ഇറങ്ങേണ്ട ആവശ്യം വരും എന്നു സമാധാനപരമായി പറഞ്ഞിട്ടു അശേഷം കേൾക്കാതെ നിർബന്ധമായി സത്യഗ്രഹം വീട്ടുപടിക്കൽ തുടങ്ങി. ഇങ്ങനെ വന്നപ്പോൾ ജനറൽ മാനേജർ പോലീസിന്റെ സഹായം അപേക്ഷിക്കുകയും, അവരെ അവിടെനിന്നും മാറ്റി റിമാൻറിൽ വച്ചിരിക്കുകയുമാണ്. കേസു നടന്നുവരികയാണ്. രണ്ടു യൂണിയനുകളും ഉണ്ട്. ഒന്ന് മോഡേൺ വുഡ് ക്രാഫ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly